LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകളിലെ ഒഴിവുകൾ

71 (5143) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ വിവിധ സർക്കാർ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, അപ്പർ പ്രൈമറി, ലോവർ പ്രൈമറി സ്കൂൾ എന്നിവയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം

72(5145) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാർ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേരെ ഹെഡ്മാസ്റ്റർമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട് ; 2016 മാർച്ച് മാസം വിരമിക്കുന്നവരൊഴിച്ചാൽ ബാക്കി എത്രപേർ ഈ ലിസ്റ്റിൽ സ്ഥാനക്കയറ്റത്തിനായി ഉണ്ടാകും ; വ്യക്തമാക്കാമോ ;

(ബി) തൊട്ടടുത്ത ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് ഏതു വർഷത്തെ നിയമനം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത് ; ഇതിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട് ; വെളിപ്പെടുത്താമോ ;

(സി) ടെസ്റ്റ് യോഗ്യത നേടിയവരെ മാത്രം സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർമാരായി നിയമിക്കുവാനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ) നിലവിലെ ലിസ്റ്റിൽനിന്നും 1497 എ റാങ്ക് വരെ നിയമനം നടത്തിയിട്ടുണ്ട്. നിലവിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിലുള്ള മുഴുവൻ പേരെയും നിയമിച്ചിട്ടുണ്ട്.

(ബി) 1997-2000 വർഷത്തെ അടിസ്ഥാനമാക്കിയാണ് എച്ച്.എസ്.എ. മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 3094 പേരാണ് പ്രസ്തുത ലിസ്റ്റിലുള്ളത്.

(സി) 22-6-2015-ൽ കൂടിയ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയിൽ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് പാസ്സായവർക്ക് മാത്രം പ്രൊമോഷൻ നല്കിയാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു. കൂടാതെ ടെസ്റ്റ് പാസ്സാകാത്തവരെ പ്രൊമോഷന് പരിഗണിക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുമുണ്ട്. 16-5-2015-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 117/2015/പൊ.വി. പ്രകാരം ടെസ്റ്റ് പാസ്സായവർക്ക് പ്രൊമോഷന് മുൻഗണന നല്കണമെന്നുകൂടി നിർദ്ദേശിച്ചിട്ടുണ്ട്.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

73 (5146) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരിഷ്കരിച്ച അനുപാതം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) നിലവിലുണ്ടായിരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) പരിഷ്കരിച്ച അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ടാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 1:45 ആണ് നിലവിലുള്ള അനുപാതം

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ അദ്ധ്യാപകർ

74 (5147) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിലായി ആകെ എത്ര അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട് ; ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly